കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് – ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റുമാരുടെ ഔദ്യോഗിക ആവശ്യത്തിന് വാഹനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

## തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്

**സ.ഉ (സാധാ)നം:425/2012/തസ്വഭവ** **തിരുവനന്തപുരം, തീയതി:10/2/2012**

---

**പരാമർശം:- 1/2/12 തീയതിയിൽ ചേർന്ന സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കമ്മിറ്റിയുടെ 2.17-ാം നമ്പർ തീരുമാനം.**

**<u>ഉത്തരവ്</u>**

**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റുമാർക്ക് ഔദ്യോഗിക ആവശ്യങ്ങൾക്ക് വാഹനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. നിലവിൽ ജില്ലാപഞ്ചായത്തിൽ ലഭ്യമായിട്ടുള്ള വാഹനങ്ങളിൽ ഒന്ന് വൈസ് പ്രസിഡന്റിന്റെ ഉപയോഗത്തിനായി അനുവദിക്കാവുന്നതാണ്. ആവശ്യത്തിനു വാഹനമില്ലാത്ത പക്ഷം വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കാവുന്നതാണ്. ഇതിലേയ്ക്കാവശ്യമായ തുക ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും വഹിക്കാവുന്നതാണ്.**

**ഗവർണറുടെ ഉത്തരവിൻ പ്രകാരം**
**ജെയിംസ് വർഗ്ഗീസ്**
**ഗവ.പ്രിൻസിപ്പൽ സെക്രട്ടറി**

1. **പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ) തിരുവനന്തപുരം**
2. **അക്കൗണ്ടന്റ് ജനറൽ, (LBA&A), തിരുവനന്തപുരം**
3. **ജില്ലാപഞ്ചായത്ത് സെക്രട്ടറി/പ്രസിഡന്റ്/വൈസ് പ്രസിഡന്റ്**
   **തിരുവനന്തപുരം/കൊല്ലം/പത്തനംതിട്ട/ആലപ്പുഴ/കോട്ടയം/ഇടുക്കി/എറണാകുളം/തൃശ്ശൂർ/പാലക്കാട്/മലപ്പുറം/കോഴിക്കോട്/വയനാട്/കണ്ണൂർ/കാസർഗോഡ്**
4. **ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, കേരളം, തിരുവനന്തപുരം**
5. **എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)**
6. **കരുതൽ ഫയൽ/ഓഫീസ് കോപ്പി.**

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ.**

**പകർപ്പ്:തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ**
**തദ്ദേശസ്വയംഭരണ സെക്രട്ടറിയുടെ പി.എ**
**തദ്ദേശസ്വയംഭരണ സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ**
**തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്**